# പതിമൂന്നാം കേരളനിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2344** **01/04/2013 ൽ മറുപടിക്ക്**

**മാവൂരിൽ കാൻസർ ചികിൽസാ സൗകര്യം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. റ്റി. എ. റഹീം | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | മാവൂർ തെങ്ങിലക്കടവിൽ കാൻസർ ചികിൽസക്കായി സൗജന്യമായി വിട്ടുകിട്ടിയ സ്ഥലം മലബാർ കാൻസർ സെന്ററിന് കൈമാറിയ കഴിഞ്ഞ സർക്കാറിന്റെ ഉത്തരവ് റദ്ദ് ചെയ്യാനുണ്ടായ കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | റദ്ദ് ചെയ്തിട്ടില്ല. |
| (ബി) | എൻ.ആർ.എച്ച്.എം. പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപനം പ്രവർത്തിപ്പിക്കുവാനുള്ള നിർദ്ദേശം ഉപേക്ഷിച്ചിട്ടുണ്ടോ; | (ബി)<br>(സി)<br>(ഡി)<br>(ഇ)<br>&<br>(എഫ്) | സർക്കാർ ഉത്തരവ് G.O. (MS) No.362/2012/RD dated 27/9/12 ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ മാവൂർ വില്ലേജിൽപ്പെട്ട 603412 ഏക്കർ ഭൂമിയും കെട്ടിടവും മലബാർ കാൻസർ സെന്ററിന്റെ സബ്സെന്റർ കോഴിക്കോട് സ്ഥാപിക്കുന്നതിനു വേണ്ടി മലബാർ കാൻസർ സെന്ററിനു പാട്ടത്തിനു നൽകിയിട്ടുണ്ട്. ഈ പ്രദേശത്ത് ഒരു പുതിയ കാൻസർ ആശുപത്രി തുടങ്ങുന്നതിനാവശ്യമായ ഫണ്ടിന്റെ അഭാവവും വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിൽ മലബാർ കാൻസർ സെന്ററിനുള്ള പ്രായോഗിക ബുദ്ധിമുട്ടും കാരണമാണ് ഈ സംരംഭം പ്രവർത്തന സജ്ജമാകാത്തത്. മലബാർ കാൻസർ സെന്റർ തന്നെ |
| (സി) | ഇപ്പോൾ വീണ്ടും പ്രസ്തുത സ്ഥലം മലബാർ കാൻസർ സെന്ററിന് പതിച്ചു കൊടുത്തു കൊണ്ട് G.O. (Ms) No.362/2012/RD. dated 27/09/12 ആയി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | | |
| (ഡി) | എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | | |
| (ഇ) | പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; | | |
| (എഫ്) | കാലതാമസം കൂടാതെ കാൻസർ ചികിൽസക്ക് ഉതകുന്ന വിധം ഈ സ്ഥാപനം തുടങ്ങുന്നതിന് തുക നീക്കി വെച്ചിട്ടുണ്ടോ? | | |

| | | | |
|---|---|---|---|
| | | | ഇപ്പോൾ അതിന്റെ പ്രവർത്തനം പൂർണ്ണമായ രീതിയിൽ ആയിട്ടില്ല. മലബാർ കാൻസർ സെന്റർ സുസജ്ജമായ ശേഷം മാത്രമേ അവരുടെ നേതൃത്വത്തിൽ കോഴിക്കോട്ട് മറ്റൊരു സബ്സെന്റർ ആരംഭിക്കുന്ന കാര്യത്തിൽ തീരുമാനമാകുകയുള്ളൂ. ഇക്കാര്യത്തിലേക്കായി തുക നീക്കി വച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

റവന്യൂ വകുപ്പ്- കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ മാവൂർ വില്ലേജിൽ കണ്ണിപ്പറമ്പ് ദേശത്ത് 125/2എ, 127/2, 127/3, 128/2, 128/3, 133/3എ എന്നീ റീ സർവ്വെ നമ്പറുകളിൽപ്പെട്ട 6.3412 ഏക്കർ ഭൂമിയും കെട്ടിടവും, മലബാർ കാൻസർ സെന്ററിന്റെ ഒരു സബ്സെന്റർ കോഴിക്കോട് സ്ഥാപിക്കുന്നതിന് വേണ്ടി ഏക്കറൊന്നിന് 100 രൂപ പ്രതിവർഷ പാട്ടനിരക്കിൽ 30 വർഷത്തേക്ക് മലബാർ കാൻസർ സെന്ററിന് പാട്ടത്തിന് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എൽ)വകുപ്പ്**

**ജി.ഒ.(എം.എസ്) നമ്പർ.362/2012/റവ തീയതി, തിരുവനന്തപുരം 27.09.2012**

---

പരാമർശം:- 1) സ.ഉ.(ആർ.റ്റി) നം.1812/2010/H&FWD തീയതി 3.5.2010

2) കോഴിക്കോട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ 23.11.2010 ലെ ജി-9218/2010 നമ്പർ നടപടിക്രമം

**ഉത്തരവ്**

കോഴിക്കോട് ജില്ലയിൽ മാവൂർ വില്ലേജിൽ മലബാർ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ എന്ന സ്വകാര്യ സ്ഥാപനം, സർക്കാർ മേഖലയിൽ കാൻസർ ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിലേക്കായി അവരുടെ കൈവശമുള്ള 6.3412 ഏക്കർ സ്ഥലവും അതിലെ കെട്ടിടങ്ങളും വിട്ടൊഴിയുന്നതിന് തയ്യാറായതിനെ തുടർന്ന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം ടി സ്ഥലവും കെട്ടിടങ്ങളും റെലിൻക്വിഷ് ചെയ്യാൻ അനുമതി നൽകിയിരുന്നു. പരാമർശം (2) ലെ കോഴിക്കോട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ നടപടിക്രമം പ്രകാരം കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ മാവൂർ വില്ലേജിൽ കണ്ണിപ്പറമ്പ് ദേശത്ത് 125/2എ, 127/2, 127/3, 128/2, 128/3, 133/3എ എന്നീ റീ സർവ്വെ നമ്പറുകളിൽപ്പെട്ട പ്രസ്തുത 6.3412 ഏക്കർ ഭൂമിയുടെ റിലിൻക്വിഷ്മെന്റ് അംഗീകരിച്ചിരുന്നു.

സർക്കാർ മേഖലയിൽ തലശ്ശേരി കേന്ദ്രമായി പ്രവർത്തിക്കുന്ന മലബാർ കാൻസർ സെന്റർ എന്ന സ്ഥാപനത്തിന് ഉത്തര കേരളത്തിൽ പ്രാദേശിക കാൻസർ ചികിത്സാ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് പദ്ധതിയുണ്ടെന്നും ഈ സാഹചര്യത്തിൽ മലബാർ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ relinquish ചെയ്ത ഭൂമിയും കെട്ടിടങ്ങളും മലബാർ കാൻസർ സെന്ററിന് ദീർഘകാല പാട്ടത്തിന് നൽകാവുന്നതാണെന്ന് ആരോഗ്യവകുപ്പ് നിർദ്ദേശിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ മാവൂർ വില്ലേജിൽ കണ്ണിപ്പറമ്പ് ദേശത്ത് 125/2എ, 127/2, 127/3, 128/2, 128/3, 133/3എ എന്നീ റീ സർവ്വെ നമ്പറുകളിൽപ്പെട്ട 6.3412 ഏക്കർ ഭൂമിയും കെട്ടിടവും, മലബാർ കാൻസർ സെന്ററിന്റെ ഒരു സബ്സെന്റർ കോഴിക്കോട് സ്ഥാപിക്കുന്നതിന് ഏക്കറൊന്നിന് 100/- രൂപ പ്രതിവർഷ പാട്ടനിരക്കിൽ നിലവിലുള്ള പാട്ടവ്യവസ്ഥകൾക്കും താഴെപ്പറയുന്ന നിബന്ധനകൾക്കും വിധേയമായി 30 വർഷത്തേക്ക് മലബാർ കാൻസർ സെന്ററിന് പാട്ടത്തിന് നൽകി ഉത്തരവാകുന്നു:-

i) ഭൂമി കൈമാറ്റം ചെയ്യാനോ, ഉപപാട്ടത്തിന് നൽകാനോ അന്യാധീനപ്പെടുത്തുവാനോ, പണയപ്പെടുത്തുവാനോ പാടില്ല.

ii) ഭൂമി അനുവദിക്കുന്ന ആവശ്യത്തിന് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു

iii) ഭൂമി അനുവദിച്ച് 6 മാസത്തിനകം തന്നെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

iv) പാട്ടത്തുക മൂന്നു വർഷത്തിലൊരിക്കൽ പുതുക്കേണ്ടതാണ്

v) പാട്ടത്തുക അതാത് വർഷം ഏപ്രിൽ മാസം തന്നെ ഒടുക്കേണ്ടതാണ്

vi) അനുവദിക്കുന്ന ഭൂമിയിലുള്ള മരങ്ങൾ കഴിവതും സംരക്ഷിക്കേണ്ടതും, മുറിക്കേണ്ടി വരുന്ന പക്ഷം റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങേണ്ടതുമാണ്.

vii) പ്രസ്തുത ഭൂമി സർക്കാരിന്റെ വികസന പ്രവർത്തനങ്ങശക്ക് ഭാവിയിൽ ഉപയോഗിക്കേണ്ടിവരുന്ന പക്ഷം ഭൂമിയും കെട്ടിടങ്ങളും നഷ്ടപരിഹാരം ഒന്നും നൽകാതെ തന്നെ സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നതാണ്

viii)മേൽ വ്യവസ്ഥകൾ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം ഭൂമി തിരികെ സർക്കാരിൽ നിക്ഷിപ്തമാകുന്നതാണ്.

3) ഇക്കാര്യത്തിലുള്ള നിയമാനുസൃതമായ അനന്തര നടപടികൾ കോഴിക്കോട് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

**ഗവർണറുടെ ഉത്തരവിൻപ്രകാരം,**

**കെ.ബി.വൽസലകുമാരി,**
**പ്രിൻസിപ്പൽ സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാകളക്ടർ, കോഴിക്കോട്
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, മലബാർ കാൻസർ സെന്റർ, മൂഴിക്കര പി.ഒ, തലശ്ശേരി, കണ്ണൂർ 670111
മാനേജിംഗ് ട്രസ്റ്റി, മലബാർ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ, മാവൂർ, പി.ഒ കണ്ണിപ്പറമ്പ്, കോഴിക്കോട്
ധനകാര്യ വകുപ്പ് (3255/Exp.A2/11/Fin തീയതി 2.2.2011
ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് (36402/J1/2009/H&FWD, 51065/J1/10/H&FWD നമ്പർ ഫയലുകൾ സഹിതം)
പൊതുഭരണ (എസ് സി) വകുപ്പ് (27.2.2011 ലെ മന്ത്രിസഭാ യോഗത്തിന്റെ നടപടിക്കുറിപ്പുകളുടെ ഇനം നമ്പർ 6103 പ്രകാരം)
സ്റ്റോക്ക് ഫയൽ/ഓഫീസ്കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ